**പതിനാലാം കേരള നിയമസഭ**

**രണ്ടാം സമ്മേളനം**

| **നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.1079** | **30.09.2016-ൽ മറുപടിയ്ക്ക്** |
|---|---|

**ബയോഗ്യാസ് പ്ലാന്റുകൾ സ്ഥാപിക്കുന്നതിനുള്ള പദ്ധതി**

| **ചോദ്യം** | | **ഉത്തരം** | |
|---|---|---|---|
| **ശ്രീ.റോഷി അഗസ്റ്റിൻ<br>ശ്രീ.മോൻസ് ജോസഫ്<br>ശ്രീ.സി.എഫ്.തോമസ്<br>ഡോ.എൻ.ജയരാജ്** | | **ശ്രീ.കെ.ടി.ജലീൽ<br>തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പ് മന്ത്രി** | |
| (എ) | ഗാർഹിക, കമ്മ്യൂണിറ്റി തലങ്ങളിൽ സബ്സിഡിയോടുകൂടി ബയോഗ്യാസ് പ്ലാന്റുകൾ സ്ഥാപിക്കുന്നതിനുള്ള പദ്ധതി വ്യാപകമാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കുമോ; | (എ) | ഗാർഹിക, കമ്മ്യൂണിറ്റി തലങ്ങളിൽ ശുചിത്വ മിഷന്റെയും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെയും സബ്സിഡിയോടുകൂടി ബയോഗ്യാസ് പ്ലാന്റുകൾ സ്ഥാപിച്ചുവരുന്നു. 2016-17 വർഷം മുതൽ 30/06/2016-ലെ സ.ഉ(സാധാ) നം.2037/2016/ത.സ്വ.ഭ.വ പ്രകാരം പദ്ധതി വിഹിതത്തിന്റെ 10% തുക മാലിന്യ സംസ്കരണത്തിനായി വകയിരുത്തേണ്ടതാണെന്ന് ഉത്തരവായതിനാൽ മാലിന്യ സംസ്കരണ പദ്ധതി ഈ വർഷം മുതൽ കൂടുതൽ വ്യാപകമാക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. സാമ്പത്തിക ശേഷിയുള്ളവർ സബ്സിഡി ഇല്ലാതെ സ്വയം കമ്പോസ്റ്റിങ്, ബയോഗ്യാസ് സംവിധാനങ്ങൾ സ്ഥാപിക്കണമെന്നും. സാമ്പത്തിക ശേഷി ഇല്ലാത്തവർക്ക് നിലവിലെ സബ്സിഡി തുടരണമെന്നുമാണ് ഉദ്ദേശിക്കുന്നത്. |
| (ബി) | പ്രസ്തുത പദ്ധതി വിജയകരമായി ഏതെല്ലാം ജില്ലകളിൽ നടപ്പിലാക്കിയിട്ടുണ്ടെന്ന് വിശദമാക്കാമോ; | (ബി) | കേരളത്തിലെ എല്ലാ ജില്ലകളിലും നടപ്പിലാക്കി വരുന്ന ഈ പദ്ധതി വിജയകരമാണ്. |
| (സി) | പദ്ധതിയുടെ നടത്തിപ്പിന് നൽകിവരുന്ന സഹായങ്ങൾ എന്തെല്ലാമെന്നും സബ്സിഡി തുക വർദ്ധിപ്പിച്ചുകൊണ്ട്, പ്രസ്തുത പദ്ധതി ജനകീയമാക്കാൻ നടപടി സ്വീകരിക്കുമോയെന്നും വ്യക്തമാക്കാമോ? | (സി) | നിലവിൽ ഗാർഹികാവശ്യത്തിനുള്ള ബയോഗ്യാസ് പ്ലാന്റുകൾ സ്ഥാപിക്കുന്നതിന് യൂണിറ്റ് കോസ്റ്റിന്റെ 50% പരമാവധി 5,000/- രൂപ വരെ സബ്സിഡിയായി ശുചിത്വ മിഷൻ നൽകി വരുന്നുണ്ട്. കൂടാതെ തദ്ദേശ സ്വയംഭരണ സ്ഥാപനത്തിൽ നിന്നും ശുചിത്വ മിഷൻ സഹായത്തിന്റെ 50% തുകയും സബ്സിഡിയായി നൽകി വരുന്നു. കേന്ദ്രീകൃത ബയോഗ്യാസ് പ്ലാന്റുകൾ/പൊതു ഖരമാലിന്യ സംസ്കരണ പ്ലാന്റുകൾ സ്ഥാപിക്കുന്നതിന് ഗ്രാമ പഞ്ചായത്തുകൾക്ക് പരമാവധി 35,00,000/- രൂപ അല്ലെങ്കിൽ ആകെ ചെലവായ തുകയുടെ 75 ശതമാനം ഇതിൽ ഏതാണോ കുറവ് ആ തുകയും, മുനിസിപ്പാലിറ്റി, കോർപ്പറേഷനുകൾ എന്നിവയ്ക്ക് ചെലവായ മുഴുവൻ തുകയും സബ്സിഡിയായി നൽകി വരുന്നുണ്ട്. സബ്സിഡി തുക വർദ്ധിപ്പിക്കുവാൻ നിലവിൽ ഉദ്ദേശിക്കുന്നില്ല. ഗാർഹിക തലത്തിൽ ബയോഗ്യാസ് പ്ലാന്റ് സ്ഥാപിക്കുന്നതിനെക്കുറിച്ച് അവബോധ പരിപാടികൾ നടത്തി വ്യാപകമാക്കാനാണ് ഉദ്ദേശിക്കുന്നത്. |

സെക്ഷൻ ഓഫീസർ